കർത്താവു താൻ ഗംഭീരനാദത്തോടും
പ്രധാന ദൈവദൂതശബ്ദത്തോടും
സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നിടുമ്പോൾ
എത്രയോ സന്തോഷം – (3) മദ്ധ്യാകാശത്തിൽ

മണ്ണിലുറങ്ങീടുന്ന ശുദ്ധിമാന്മാർ
കാഹളനാദം കേൾക്കുന്ന മാത്രയിൽ
പെട്ടെന്നുയിർത്തു വാനിൽ ചേർന്നീടുമേ
തീരാത്ത സന്തോഷം – (3) പ്രാപിക്കുമവർ

ജീവനോടീ ഭൂതലേ പാർക്കും ശുദ്ധർ
രൂപാന്തരം പ്രാപിക്കുമാനേരത്തിൽ
ഗീതസ്വരത്തോടും ആർപ്പോടും കൂടെ
വിണ്ണുലകം പൂകും– (3) ദൂതതുല്യരായ്

കുഞ്ഞാട്ടിൻ കല്യാണ മഹൽദിനത്തിൽ
തൻറെ കാന്തയാകും വിശുദ്ധാ സഭ
മണിയറയ്ക്കുള്ളിൽ കടക്കുമന്നാൾ
എന്തെന്തു സന്തോഷം – (3) ഉണ്ടാമവൾക്ക്

സിദ്ധന്മാരാം പൂർവ്വപിതാക്കളെല്ലാം
മദ്ധ്യാകാശത്തിൽ കല്യാണവിരുന്നിൽ
ക്ഷണിക്കപ്പെട്ടു പന്തിയിരിക്കുമ്പോൾ
ആമോദമായ് പാടും–(3) ശാലേമിൻ ഗീതം

രാജത്വം പ്രാപിച്ച തൻ ഭൂതലത്തിൽ
ആയിരമാണ്ടു വാഴാൻ വന്നിടുമ്പോൾ
ശത്രുവാം സാത്താനെ ബന്ധിച്ചിട്ടന്നു
വാണീടും ഭൂമിയിൽ – (3) രാജാധിരാജൻ

അത്യുന്നതനായവൻറെ ശുദ്ധർക്കു
രാജ്യം വിഭജിക്കുന്ന നാൾവരുന്നു
രാജാക്കളായിട്ടവർ വാണിടുമേ
ഹാ! എന്തു സന്തോഷം – (3) സ്വർഗ്ഗയുഗത്തിൽ

മൃഗത്തിൻറെ വാളിന്നിരയായോരും
വെള്ള നിലയങ്കി ധരിച്ചുകൊണ്ടു
രാജാധിരാജനോടു കൂടെ വാഴും
അവർക്കു സന്തോഷം– (3) ഉണ്ടെന്നുമെന്നും

വെള്ള സിംഹാസനം താൻ സ്ഥാപിച്ചിട്ടു
ദുഷ്ടന്മാരാം സർവ്വജനങ്ങളെയും
രാജൻ മുമ്പിൽ ഒന്നായി ചേർത്തുകൊണ്ടങ്ങു
ന്യായം വിധിച്ചീടും– (3) അന്ത്യദിനത്തിൽ

ആകാശം ചുരുൾപോലെ മാറിപ്പോകും
ഭൂമിയും അതിലുള്ളസമസ്തവും
അഗ്നിയാലശേഷം ചുട്ടഴിച്ചു താൻ
ശുദ്ധികരിച്ചിടും – (3) സർവ്വവല്ലഭൻ

ആദ്യം മുതൽക്കുള്ള സർവ്വശുദ്ധരും
തേജസ്സിൽ കർത്താവിനോടൊന്നിച്ചെന്നും
നീതി വസിക്കുന്ന പുത്തൻ ഭൂമിയിൽ
ആനന്ദത്തോടെന്നും – (3) പാർത്തീടുമവർ

ദേവാധി ദേവൻ സർവ്വത്തിനും മീതെ
തൻ കൂടാരം വിശുദ്ധർ മദ്ധ്യത്തിലും
എന്നേക്കുമവർ തന്നെക്കണ്ടുമോദാൽ
ഹല്ലേലുയ്യാപാട്ടും– (3) നിത്യയുഗത്തിൽ

Kar‍Tthaavu Thaan‍ Gambheeranaadatthodum
Pradhaana Dyvadoothashabdatthodum
Svar‍Ggatthil‍ Ninnirangi Vannidumpol‍
Ethrayo Santhosham – (3) Maddhyaaakaashatthil‍

Mannilurangeedunna Shuddhimaanmaar‍
Kaahalanaadam Kel‍Kkunna Maathrayil‍
Pettennuyir‍Tthu Vaanil‍ Cher‍Nneedume
Theeraattha Santhosham – (3) Praapikkumavar‍

Jeevanodee Bhoothale Paar‍Kkum Shuddhar‍
Roopaantharam Praapikkumaaneratthil‍
Geethasvaratthodum Aar‍Ppodum Koode
Vinnulakam Pookum– (3) Doothathulyaraayu

Kunjaattin‍ Kalyaana Mahal‍Dinatthil‍
Than‍Te Kaanthayaakum Vishuddha Sabha
Maniyaraykkullil‍ Kadakkumannaal‍
Enthenthu Santhosham – (3) Undaamaval‍Kku

Siddhanmaaraam Poor‍Vvapithaakkalellaam
Maddhyaaakaashatthil‍ Kalyaanavirunnil‍
Kshanikkappettu Panthiyirikkumpol‍
Aamodamaayu Paadum–(3) Shaalemin‍ Geetham

Raajathvam Praapicchu Than‍ Bhoothalatthil‍
Aayiramaandu Vaazhaan‍ Vannidumpol‍
Shathruvaam Saatthaane Bandhicchittannu
Vaaneedum Bhoomiyil‍ – (3) Raajaadhiraajan‍

Athyunnathanaayavan‍Te Shuddhar‍Kku
Raajyam Vibhajikkunna Naal‍Varunnu
Raajaakkalaayittavar‍ Vaanidume
Haa! Enthu Santhosham – (3) Svar‍Ggayugatthil‍

Mrugatthin‍Te Vaalinnirayaayorum
Vella Nilayanki Dharicchukondu
Raajaadhiraajanodu Koode Vaazhum
Avar‍Kku Santhosham– (3) Undennumennum

Vella Simhaasanam Thaan‍ Sthaapicchittu
Dushtanmaaraam Sar‍Vvajanangaleyum
Raajan‍ Mumpil‍ Onnaayi Cher‍Tthukondangu
Nyaayam Vidhiccheedum– (3) Anthyadinatthil‍

Aakaasham Churul‍Pole Maarippokum
Bhoomiyum Athilullasamasthavum
Agniyaalashesham Chuttazhicchu Thaan‍
Shuddhikaricchidum – (3) Sar‍Vvavallabhan‍

Aadyam MuthalKkulla SarVvashuddharum
Thejasil KarTthaavinodonnicchennum
Neethi Vasikkunna Putthan Bhoomiyil
Aanandatthodennum – (3) PaarTtheedumavar

Devaadhi Devan SarVvatthinum Meethe
Than Koodaaram Vishuddhar Maddhyatthilum
Ennekkumavar Thannekkandumodaal
Halleluyyaapaadum– (3) Nithyayugatthil